**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2145

05-12-2018 ൽ മറുപടിയ്ക്ക്

**അഗ്നിബാധ പ്രതിരോധിക്കുന്നതിന് സംവിധാനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.വിൻസെന്റ്** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | വ്യവസായ സ്ഥാപനങ്ങളിൽ തീപിടിത്തവുമായി ബന്ധപ്പെട്ട നിരീക്ഷണ മുന്നറിയിപ്പ്, പ്രതിരോധ സംവിധാനങ്ങളുടെ അഭാവം എന്നിവ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത്തരം സംവിധാനങ്ങൾ ഉണ്ടോ യെന്നും അവ പ്രവർത്തനക്ഷമ മാണോ എന്നും പരിശോധിക്കുന്ന തിന് നിലവിലുള്ള സംവിധാനം എന്താണ്; | ബി) | ഫയർ & റെസ്ക്യു വകുപ്പ് ആനുകാലികമായി ഫയർ ആഡിറ്റ് നടത്തി വരുന്നു. |
| സി) | തിരുവനന്തപുരം മൺവിളയിലെ ഫാമിലി പ്ലാസ്റ്റിക്കിലുണ്ടായ അഗ്നി ബാധയുടെ കാരണം കണ്ടെത്തി യിട്ടുണ്ടോ; പ്രസ്തുത ഫാക്ടറിയിലെ അഗ്നിശമന പ്രതിരോധ സംവിധാന ങ്ങൾ പ്രവർത്തനക്ഷമമായിരുന്നോ; വ്യക്തമാക്കുമോ; | സി) | ഉണ്ട്. പ്രാഥമിക അന്വേഷണത്തിൽ ലൈറ്റർ ഉപയോഗിച്ച് തീ കത്തിച്ച താണെന്ന് വെളിവായിട്ടുള്ളതാണ്. ടി സ്ഥാപനത്തിലെ അഗ്നിശമന പ്രതിരോധ സംവിധാനങ്ങൾ പ്രവർത്തനക്ഷമമായി രുന്നില്ല. കെട്ടിടത്തിനു അഗ്നിരക്ഷാ വകുപ്പിന്റെ അംഗീകാരം വാങ്ങിയിരുന്നില്ല. ഫയർ എക്സ്റ്റിംഗ്യൂഷർ ഒഴികെ യാതൊരുവിധ സ്ഥിരം അഗ്നിശമന സംവിധാനങ്ങളും കെട്ടിടത്തിൽ സ്ഥാപിച്ചി രുന്നില്ല. വെറ്റ് റൈസർ സിസ്റ്റം, ഓട്ടോമാറ്റിക് സ്പ്രിംങ്കളർ സിസ്റ്റം, ആട്ടോമാറ്റിക് ഡിറ്റക്ഷൻ & അലാറം സിസ്റ്റം, മാനുവൽ ഓപ്പറേറ്റഡ് ഇലക്ട്രോണിക് ഫയർ അലാം സിസ്റ്റം, യാർഡ് ഹൈഡ്രന്റ് എന്നിങ്ങനെയുള്ള സ്ഥിരം അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഒന്നും തന്നെ ടി സ്ഥാപനത്തിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തിയിരുന്നില്ല. ഫാക്ടറീസ് ആക്ട് സെക്ഷൻ 38 പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനങ്ങൾ കെട്ടിടത്തിൽ ഏർപ്പെടുത്തിയിരുന്നില്ല |
| ഡി) | ഇത്തരം അപകടങ്ങൾ പ്രതിരോധിക്കുവാൻ ക്രിയാത്മകമായ എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഫയർ ഓഡിറ്റ് നടത്തി പരിശോധനയിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ പരിഹരിക്കുവാൻ കെട്ടിട ഉടമസ്ഥർക്ക് കർശന നിർദ്ദേശം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ